**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധത്തിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടായിട്ടുള്ള ഫണ്ട് പ്രതിസന്ധിയെ മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്വാറന്റയിൻ സെന്റർ, സി.എഫ്.എൽ.റ്റി.സി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. മാത്രമല്ല ഫണ്ട് അപര്യാപ്തത പരിഹരിക്കുന്നതിനായി വികസന ഫണ്ടിന്റെ ഗഡുക്കൾ മുൻകൂറായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ കോവിഡ് ചികിത്സയ്ക്കായി ആരംഭിച്ച ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഫണ്ടിന്റെ അപര്യാപ്തത കാരണം നിർത്തിവെച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഫണ്ടിന്റെ അപര്യാപ്തതമൂലം സി.എഫ്.എൽ.റ്റി.സി-കളുടെ പ്രവർത്തനം നിർത്തി വെച്ചിട്ടില്ല. |
| (സി) | കോവിഡ് പ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ? | (സി) | കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവുന്നതും 21/07/2020 ലെ സ.ഉ(സാധാ)നം. 1382/2020/ തസ്വഭവ നം. ഉത്തരവ് പ്രകാരം വികസന ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് കഴിയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും (എസ്.ഡി.ആർ.എഫ്) അനുവദിക്കുന്ന തുകയ്ക്കും സംഭാവന ഇനത്തിൽ ചെലവഴിക്കുന്ന തുകയ്ക്കും ഉപരിയായി വരുന്ന തുക അധിക വിഹിതമായി കണക്കാക്കും. കോവിഡ് പ്രതിരോധ പ്രവർത്തനം എന്ന തലക്കെട്ടോടുകൂടി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ യഥാർത്ഥ ചെലവുകൾ അനുവദിച്ച് നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ